ഉത്തരം

(എ) 2148 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) അഡ്വൈസ് മെമ്മോ ലഭിച്ച എല്ലാപേർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി&ഡി) ഇക്കോണമി ഓർഡറിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരം ഡീസൽ നിലയത്തിൽ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇവിടെ ദിവസക്കൂലി അടിസ്ഥാനത്തിൽ രണ്ട് ജൂനിയർ അസിസ്റ്റന്റ് /കാഷ്യർമാർ ജോലി ചെയ്യുന്നുണ്ട്. തസ്തികകൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ മാത്രമേ പി.എസ്.സി.ക്ക് വിടാൻ നിർവ്വാഹമുള്ളൂ. തസ്തികകൾ സൃഷ്ടിച്ചശേഷം പി.എസ്.സി.യെ അറിയിച്ച് സ്ഥിരം നിയമനം നടത്താൻ വേണ്ട നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ട്.

(ഇ) ഇതുവരെ ലഭിച്ച 62 എൻ.ജെ.ഡി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

കെ.എസ്.ഇ.ബി. ചെയർമാനെതിരെയുള്ള കുറ്റപത്രം

85 (1237) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചെയർമാനായിരുന്ന ശ്രീ. സുകുമാർ ഉമ്മനെതിരെ സർക്കാർ കുറ്റപത്രം നൽകുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) സർക്കാർ നൽകിയ കുറ്റപത്രത്തിന് അദ്ദേഹം നൽകിയ മറുപടി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റച്ചട്ടത്തിലെ ഏഴാംചട്ടം ലംഘിച്ചതിനെതിരെ.

(സി) മറുപടി സർക്കാർ പരിശോധിച്ചു വരുന്നു.

കെ.എസ്.ഇ.ബി.യുടെ കൺസൾട്ടന്റ്

86 (1238) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് കൺസൾട്ടൻസി ഫീസിനത്തിൽ എന്തു തുക കൊടുത്തിട്ടുണ്ട് ;

(ബി) ഈ കമ്പനിയുടെ കൺസൾട്ടൻസി ഇനി എത്ര കാലത്തേക്ക് കൂടി തുടരേണ്ടതായി വരുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എസ്. എൻ. സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിക്ക് കൺസൾട്ടൻസി ഫീസായി 31-1-2001 വരെ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന്റെ നിർമ്മാണം - 3751299.6 കനേഡിയൻ ഡോളർ
2. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണം - 2957035.97 കനേഡിയൻ ഡോളർ

(ബി) കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന്റെ കൺസൾട്ടൻസി 2001 മാർച്ച് 15 വരെ തുടരേണ്ടിവരും. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ടുള്ള എഗ്രിമെന്റ് കാലാവധി 2001 സെപ്തംബർ വരെയാണ്.

തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്

87 (1239) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അതിന്റെ പണിക്കുവേണ്ട എന്തു തുക ഇതുവരെ ചെലവായി ;

(സി) പ്രസ്തുത ആശുപത്രിക്കാവശ്യമായ ഉപകരണങ്ങളും മറ്റ് സന്നാഹങ്ങളും സ്ഥാപിച്ചുവോ ; എങ്കിൽ അതിന്റെ ചെലവ് ആരു വഹിച്ചു ;

(ഡി) ഇവ സ്ഥാപിക്കാത്തപക്ഷം ഇവയുടെ ചെലവ് ആരു വഹിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ സ്ഥാപനം എന്നേക്ക് പൂർണ്ണമായും പ്രവർത്തനം ആരംഭിക്കും ?

ഉത്തരം

(എ) ഒന്നാംഘട്ടം നിർമ്മാണ ജോലികൾ ഏതാണ്ട് പൂർത്തിയായി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly